

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P16)1330/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/11/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P16)1330/2024 തീയ്യതി: 05/11/2024

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	23-08-2024	03-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-08-2023	03-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രശാന്ത്.ടി.ജി., ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമ.വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷീഗ.സി.കെ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വി.കെ. ഫസലുൽ അലി	പ്രസിഡന്റ്	01-04-2023	31-05-2023
ശ്രീ. ശ്രീധരൻ മാക്കാലിക്കൽ	പ്രസിഡന്റ്	01-06-2023	26-06-2023
ശ്രീ. നബീൽ.ടി.കെ.	പ്രസിഡന്റ്	27-06-2023	31-03-2024
മനോജ്.പി.എൻ.	സെക്രട്ടറി	01-04-2023	13-07-2023
അനിത രാമൻ	സെക്രട്ടറി	14-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷെനി ജോൺ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	30-04-2023
ജൂജു ജോർജ്ജ്. ഇ.	അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്)	01-05-2023	03-07-2023
ഫെബിൻ	അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്)	04-07-2023	25-07-2023
രാധാകൃഷ്ണൻ	അസിസ്റ്റന്റ് സെക്രട്ടറി	26-07-2023	01-08-2023
അഭിലാഷ് മോഹൻ	അസിസ്റ്റന്റ് സെക്രട്ടറി	02-08-2023	06-09-2023
ഷീബ.ടി.പി.	അസിസ്റ്റന്റ് സെക്രട്ടറി	07-09-2023	31-03-2024
അനിത.പി.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. ദീപ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. നിത	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2023	31-03-2024
ഡോ.പ്രീത	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024
ഡോ. ഷിജി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ദിവ്യ ദിലീപ്	പ്രിൻസിപ്പാൾ (ചാർജ്ജ്) - ജി.എം.എൽ.പി.എസ്.	01-04-2023	30-06-2023
ദീപ	പ്രിൻസിപ്പാൾ - ജി.എം.എൽ.പി.എസ്.	01-07-2023	31-03-2024
പ്രത്യുഷ	വനിത ശിശുവികസന ഓഫീസർ	01-04-2023	31-03-2024
വിദു.വി.എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	03-11-2023
ഗീതാഞ്ജലി	ഡയറി ഫാം ഇൻസ്ട്രക്ടർ	04-11-2023	31-03-2024
ജിറ്റോ	വി.ഇ.ഒ. (വടക്കേക്കാട് സർക്കിൾ)	01-04-2023	08-12-2023
രഘുനാഥൻ.എ.വി.	വി.ഇ.ഒ. (വടക്കേക്കാട് സർക്കിൾ) (ചാർജ്ജ്)	09-12-2023	14-01-2024
കൊഞ്ചിത.പി.പ്രദീപ്	വി.ഇ.ഒ. (വടക്കേക്കാട് സർക്കിൾ)	15-01-2024	31-03-2024

സുമ.എസ്.എസ്.	വി.ഇ.ഒ. (ഞമനേങ്ങാട് സർക്കിൾ)	01-04-2023	03-07-2023
ജിറ്റോ	വി.ഇ.ഒ. (ഞമനേങ്ങാട് സർക്കിൾ) (ചാർജ്ജ്)	04-07-2023	25-07-2023
രഘുനാഥൻ.എ.വി.	വി.ഇ.ഒ. (ഞമനേങ്ങാട് സർക്കിൾ)	26-07-2023	31-03-2024
സുമേഷ്.എസ്.	കൃഷി ഓഫീസർ	01-04-2023	10-10-2023
ഗംഗ ദത്തൻ. കെ.	കൃഷി ഓഫീസർ	11-10-2023	22-03-2024
ശ്രീരാഗ്	കൃഷി ഓഫീസർ	23-03-2024	31-03-2024

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-2
4	നിക്ഷേപ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-3
5	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-4
6	ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-1-5
7	B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല	1-1-6
8	പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല	1-1-7
9	ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.	1-1-8
10	ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് തുകയും യഥാർത്ഥ പാസ്ബുക്ക് ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-9
11	Directly Credited By Bank- 65837/- രൂപ ഉൾപ്പെടുത്തി	1-1-10
12	വസ്തു നികുതി - വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-11
13	വസ്തു നികുതി-ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-12
14	ലൈബ്രറി സെസ്സ് ഡിമാന്റ് തെറ്റായി കുറവ് ചെയ്തു	1-1-13
15	വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല	1-1-14
16	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല	1-1-15
17	ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്	1-1-16
18	Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല	1-1-17
19	മുൻകൂർ തുകകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-18
20	കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-19
21	മൂലധന ചെലവ് തുക Capital Contribution ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-20
22	ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല,കൃത്യമായി കണക്കാക്കിയില്ല	1-1-21
23	കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-22
24	രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല	1-1-23
25	ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല	1-1-24

26	വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല	1-1-25
27	ബജറ്റ്	1-2
28	ഫണ്ട് വിനിയോഗം	1-3
29	പദ്ധതി അവലോകനം	1-4
30	തൊഴിലുറപ്പ് പദ്ധതി	1-5
31	ക്ഷേമ പദ്ധതികൾ	1-6
32	ക്യാഷ് പരിശോധന	1-7
33	ആഭ്യന്തര നിയന്ത്രണം	1-8
34	വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത	1-9
35	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ	1-10
36	മരലേലം - അപാകങ്ങൾ	1-11
37	പെർമിറ്റ് അപേക്ഷ ഫീ കൃത്യമായി ഈടാക്കിയിട്ടില്ല	1-12
38	പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകത	1-13
39	കടമുറിവാടക -ഹർജ്ജിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്	1-14
40	FTEAOS ലൈസൻസ്- അപാകങ്ങൾ	1-15
41	ജനകീയ ഹോട്ടൽ, മിത്ര ആയുർവേദിക് എന്നി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.	1-16
42	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല	1-17
43	തൊഴിൽ നികുതി -അപാകങ്ങൾ	1-18
44	മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച്	1-19
45	അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല	1-20
46	കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം (ഇലക്ട്രിക്കൽ വർക്കുകൾ) - അപാകത പരിഹരിച്ചു - തുക തിരികെ ഈടാക്കി - ഓഡിറ്റ് ഇംപാക്ട്	1-21
47	ആശ്രയ വീട് പുനരുദ്ധാരണപദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-22
48	എച്ച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്	1-23
49	ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (ഹോമിയോ)മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-24
50	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ ജീവിത ശൈലീ രോഗ നിയന്ത്രണ ക്യാമ്പുകൾക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട്-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-25
51	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-ലാബ് ഉപകരണങ്ങൾ ലഭ്യമായിട്ടില്ല	1-26
52	പദ്ധതി ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് സ്റ്റേറ്റുമെന്റിൽ കാലികമാക്കിയിട്ടില്ല	1-27
53	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അപാകതകൾ	1-28
54	എച്ച്.ഡി.പി.ഇ ചട്ടി വിതരണം-അപാകതകൾ	1-29
55	സമേതം പ്രോജക്റ്റ്-കൈപ്പറ്റ് വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-30
56	ബയോബിൻ വിതരണം-ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ചെലവാക്കിയില്ല	1-31
57	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം	1-32

	ഹരിതകർമ്മസേനയിലൂടെ-അവലോകനം	
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2024 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 28.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി:05.11.2024

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക്

ചെയ്തില്ല

2023-24 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന്, ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	പ്രൊജക്ട് നമ്പരും പേരും	തുക	വൗച്ചർ നമ്പർ/തീയതി	31.03.2024 വരെ ലഭിച്ച മരുന്ന്	ഫണ്ട്	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	ജീവിത ശൈലീ രോഗ നിയന്ത്രണ ക്യാമ്പുകൾക്ക് മരുന്ന് വാങ്ങൽ (33/24)	236597	42301405/06.03.2024 176632 രൂപ 42301406/06.03.2024 59965 രൂപ	----	Maintenance Fund - Non-Road	**251110008-Medical Institution-Allopathy-Purchase Of Medicines For Hospitals**
2	ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (ഹോമിയോ) മരുന്ന് വാങ്ങൽ (40/24)	300000	42301329/08.12.2023 300000 രൂപ	132768 ബാക്കി 167232	Maintenance Fund - Non-Road	**251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions**
3	204/24-വടക്കേക്കാട് ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം വർദ്ധിപ്പിക്കൽ	504974	42300767/29.11.2023 504974 രൂപ	480429 ബാക്കി 24545	Health Grant	**251110012-Medical Institution-Allopathy-Health Related Activities**

1-1-3 നിക്ഷേപ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800199-Other Investments എന്ന ശീർഷകത്തിൽ 1000 രൂപ നിക്ഷേപമുണ്ട്. ആയതിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2392191 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -22272034 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-5 ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായതുക കണക്കാക്കി. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		129222379
ആകെ ചെലവ് (B)		151118190
മിച്ചം തുക C= A-B		-21895811
Prior Period Income (I-19)	7289	
Prior Period Expenditure (I-18)	0	
Net Difference Between Prior Period Income And Expenses (I-19 - I-18=D)		7289
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		-21888522

എന്നാൽ -21895811-7289= -21903100 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/24 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പിൽ യഥാർത്ഥത്തിൽ കൂട്ടിച്ചേർക്കേണ്ടിയിരുന്ന -21888522 രൂപ ചേർത്ത് 13531601 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

31.03.23 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	35420123
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D	-21888522
31/3/24 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	13531601

1-1-6 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2024 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

ശീർഷകം	ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ്	ബാങ്ക് അക്കൗണ്ട്	ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ്
320200104-Development Fund-Central Finance Commission Grant-Basic Tax Grant	224710	450210101-UNION BANK (A/C No.038922010000126)	1061691
320200113-Development Fund-Central Finance Commission Grant-Tied Fund	512297		
ആകെ	737007		

1-1-7 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ക്രമ നമ്പർ	ശീർഷകം	വിവരണം	31.03.24 ലെ നീക്കിയിരിപ്പ്
1	320100105	Awards & Honours- Central Govt.	3,00,000
2	320100125	Integrated Child Development Service	1588550
3	320100181	Total Sanitation Campaign	466720
4	320100198	Grant From Suchitwa Mission	3,875
5	320100999	Other Liabilities	47,466
6	320200304	Grants, Funds & Contributions For Specific Purposes- Other Than Development Fund And State Sponsored Scheme Funds- Grant For Solid Waste Management	6,05,361
7	320200399	Grants, Funds & Contributions For Specific Purposes- Other Than Development Fund And State Sponsored Scheme Funds - Other Purposes	1909351
8	320300103	Grants, Funds & Contributions For Specific Purposes- Other Govt.Agencies- Total Sanitation	145759
9	320700204	Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats	16,65,867
10	320700205	Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats	1,97,680
11	320700304	Contributions For Other Specific Purposes (For Capital Expenditure) – From Block Panchayats	188
12	320800101	Beneficiary Contributions	202791
13	320900102	Donations Related To Pandemic/Epidemic Control	4,100

1-1-8 ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

450210102-District Co-Operative Bank (80012032342) അക്കൗണ്ട് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുകയോ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1-1-9 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് തുകയും യഥാർത്ഥ പാസ്ബുക്ക് ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

Health Grant ബാങ്ക് അക്കൗണ്ടിന്റെ - Union Bank Of India (Diagnostic Infra) (A/C No.038922010000744) 31.03.2024 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്കിലെയും പാസ്ബുക്കിലെയും ബാലൻസ് '0' ആണ്. എന്നാൽ പാസ്ബുക്ക് പ്രകാരം 31.03.2024 ലെ യഥാർത്ഥ ബാലൻസ് 414995 രൂപയാണ്. റീകൺസിലിയേഷൻ അപാകത പരിഹരിക്കേണ്ടതാണ്.

1-1-10 Directly Credited By Bank- 65837/- രൂപ ഉൾപ്പെടുത്തി

"Directly Credited By Bank" എന്ന ഇനത്തിൽ 65837 ഉൾപ്പെടുത്തിയാണ് Union Bank Vadakkekkad (A/CNo.038922010000126) റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

തീയ്യതി	തുക
31.03.2024	23862
03.03.2024	1840
31.03.2024	135
31.03.2024	40000
ആകെ	65837

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വെയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

1-1-11 വസ്തു നികുതി - വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

വസ്തുനികുതി-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രക	3177484	3176102	14199	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3177484 (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	3163285 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	14199 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	0 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	3119971	3102832	20291	6300
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3119971 (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	3093380 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	20291 (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	6300* *(6615/105X100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	5202	5201	3
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	0	5202	0
	*(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	48885	24886	24000
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	46802	24887	24000
	(2022-23ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 10448+38694 =49142/105* 100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(25200/105X100=24000) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.

1-1-12 വസ്തു നികുതി-ലൈബ്രറി സെസ്സ്-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	161179	262	161441	160547	260	160807	1014		0	0	0
	നോൺ-റെസിഡൻഷ്യൽ	156874	2447	159321	155917	1246	157163	1036		315	1200	1515
	ആകെ			320762			317970	2050				1515
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		320762			318111				319245			1515
		(2022-23ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/Levies ലെഡ്ജർ 2023-24) (2342+262+105+ 161179+156874 = 320762)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്))				(431910101 -State Govt. Cess/Levies ലെഡ്ജർ 2023-24)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല

1-1-13 ലൈബ്രറി സെസ്സ് ഡിമാന്റ് തെറ്റായി കുറവ് ചെയ്തു

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 318111 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 317970 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 319245 രൂപയാണ്. (വൗച്ചർ നമ്പർ-42301471 തീയതി.31.03.24) (161179+262+156559+1245=319245)

1-1-14 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2024-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നമ്പർ	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	52581	240734
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	65526	63528

1-1-15 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01.04.2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.
2023-24 വർഷത്തിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ നിരവധി പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2024 തീയതിയിൽ ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക്

വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി വരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർനം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42301467/31.03.2024	3177484
110100102-Property Tax On Non Residential Buildings	42301469/31.03.2024	3119971

മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത മറ്റ് വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയതി	വൗച്ചർ
കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	188416	31.03.2024	42301463

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-16 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-17 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income-Property Tax എന്ന ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. (വൗച്ചർ

നം.42301464/31.03.24, 5202, 42301466/31.03.24, 2085, 42301473/31.03.2024, 2) എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-18 മുൻകൂർ തുകകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നമ്പർ	വരുമാനം	മുൻകൂർ ശീർഷകം	31.03.2024 ലെ മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof	144740
2	ഡി &ഒ	350410301-Advance Collection Of Revenues-Licence Fees For Factories & Traders	105800

1-1-19 കുടിശ്ശിക- പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431100104 -Receivables For Property Tax On Non-Residential Buildings (Arrears) എന്ന ശീർഷകത്തിൽ 25200 രൂപ ലഭിക്കാൻ അവശേഷിക്കുന്നു. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം രണ്ട് വർഷത്തിലധികമായി പിരിഞ്ഞു കിട്ടാതെ ശേഷിക്കുന്ന ഡിമാന്റുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. മേൽ തുക ഏതെല്ലാം വർഷത്തെ ഡിമാന്റുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം Provision For Doubtful Receivables എന്ന ശീർഷകത്തിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-20 മൂലധന ചെലവ് തുക Capital Contribution ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

വടക്കേക്കാട് ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം വർദ്ധിപ്പിക്കൽ-204/24 എന്ന പ്രോജക്ട് പ്രകാരം 480429 രൂപ ചെലവഴിച്ച് വടക്കേക്കാട് സി.എച്ച്.സിയിലേക്ക് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് Hematology Analyzer (5 Part) Model B എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. 251110012-Medical Institution-Allopathy-Health Related Activities എന്ന ശീർഷകത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ മേൽ പരാമർശിച്ച തുക കൂട്ടാതെയുള്ള തുകയാണ് 312100149- Capital Contribution—National Rural Health Mission എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുള്ളത്. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു. ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച തുക "Prior Period Income" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution…." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

1-1-21 ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല,കൃത്യമായി കണക്കാക്കിയില്ല

2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 30367913/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ

ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-22 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-23 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ
ഫാക്ടറി-വ്യപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ
വാടക വരവ് രജിസ്റ്റർ
ലൈബ്രറി രജിസ്റ്റർ
ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
ലേലം രജിസ്റ്റർ
2.താഴെ പറയുന്ന വരവിനങ്ങളുടെ/ഡിമാന്റിനങ്ങളുടെ രജിസ്റ്ററുകൾ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനങ്ങളുടെ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.
1.ഫാക്ടറി-വ്യപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
2.ലേലം രജിസ്റ്റർ
3.പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
4.ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

1-1-24 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല

1.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.
2. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകൾ നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

1-1-25 വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

330500201- Secured Loans- Loan From KURDFC എന്ന ശീർഷകത്തിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുന്നതിന് വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-2 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
18.03.2023	1(1)	27,16,43,444	23,95,17,000

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	വരവ്	ചെലവ്
05.02.2024	2(1)	24,11,43,862	23,06,24,423

1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	*നീക്കിയിരുപ്പ്/ **ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട്-ജനറൽ	0	15394000	15394000	11824407	**3569593	
വികസന ഫണ്ട്-എസ്.സി.പി	0	4674000	4674000	3326227	**1347773	
മെയിന്റനൻസ്, റോഡ്	0	7252650	7252650	3711975	**3540675	
മെയിന്റനൻസ്, നോൺ-റോഡ്	0	2314600	2314600	2117940	**196660	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) ബാങ്ക്	1162991	1911500	3074491	2562194	*512297	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) ബാങ്ക്	147555	2626094	2773649	2548939	*224710	വരവിൽ ₹77094/- പലിശയും ചെലവിൽ ₹27 /- രൂപ ബാങ്ക് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്.
Health Grant Towards Support For Diagnostic Infrastructure To The PHCs	278525	933420	1211945	796950	*414995	
Health Grant Towards Buildingless Subcentres ,PHCs&CHCs	0	2797392	2797392	0	*2797392	
Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centre	110000	440509	550509	157961	*392548	
ICDS	1233705	1194280	2427985	839435	*1588550	
Total Sanitation Campaign	909720	307360	1217080	750360	*466720	
Grant From Suchithwa Mission	3875	0	3875	0	*3875	

Other Liabilities	47466	0	47466	0	*47466	
Grant For Solid Waste Management	605361	0	605361	0	*605361	
Grant For Other Purposes	3167205	6500000	9667205	7757854	*1909351	
Total Sanitation	229759	0	229759	84000	*145759	

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല(ഖ.1-1-7)

2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2023-24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
202	145870762	120	49178592	33.71	59.41

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1303	744861	746164	746104	60
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	18459084	18459084	18459084	0
മെറ്റിരീയൽ കോസ്റ്റ്	0	3792447	3792447	3792447	0
ആകെ	1303	22996392	22997695	22997635	60

1-6 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവുതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	1382400	105
വിധവാപെൻഷൻ	15175000	1396
വാർദ്ധക്യകാലപെൻഷൻ	20803600	1952
വികലാംഗപെൻഷൻ	3448300	310
50 വയസ്സിന്മേൽപ്രായമുള്ളഅവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ	891600	83
വിധവകളുടെപെൺമക്കൾക്കുള്ളവിവാഹധന സഹായം	ഇല്ല	ഇല്ല

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.24 തീയതിയിൽ 3.30 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33577 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

എ) അഷ്റഫ്, ജംഷിദ എന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 5/151-A എന്ന കെട്ടിടത്തിനു നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ Sc2-6940/2023 പരിശോധിച്ചതിൽ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 210.27 ചതുരശ്ര മീറ്റർ ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതു 203.23ചതുരശ്ര മീറ്ററിനാണ്. ആയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല .
ബി) അൻവർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 10/423-ബി എന്ന കെട്ടിടത്തിനു നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ Sc2-643/24 പരിശോധിച്ചതിൽ പ്രകാരം 856.45 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പാർപ്പിട ഉപയോഗ ക്രമത്തിൽപെടുത്തിയിരിക്കുന്ന കെട്ടിടത്തിന് നമ്പർ/ഒക്യൂപെൻസി നൽകിയിരിക്കുന്നത് 2024-25 സാമ്പത്തിക വർഷത്തിലാണ്. സർക്കാർ ഉത്തരവ് (അച്ചടി)നം 25/2023/LSGD പ്രകാരം കേരള സർക്കാർ ഗ്രാമ പഞ്ചായത്തുകളിൽ ഉപയോഗ ക്രമമനുസരിച്ചു ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം മുന്നൂറ് ചതുരശ്ര മീറ്ററിന് മുകളിൽ സ്വന്തം താമസാവശ്യത്തിനു ഉപയോഗിക്കുന്ന പാർപ്പിടങ്ങൾക്കു നിർണ്ണയിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് എട്ട് രൂപയാണ്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 6.3 എന്ന നിരക്കിലാണ് 2024-25 സാമ്പത്തിക വർഷത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് .

വസ്തുനികുതി നിർണയത്തിലെ അപാകതകൾ സംബന്ധിച്ച് പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകയറി നം.6/27.08.24)

1-10 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	കെട്ടിട നമ്പർ	കെട്ടിട ഉടമ	ഫയൽ നം/ അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	10/152A	ശാന്ത കുമാരി അമ്മ	SC2-6067/23-11.10.23	1.10.23-31.03.24
2	10/152B	ശാന്ത കുമാരി അമ്മ	SC2-6067/23-11.10.23	1.10.23-31.03.24
3	10/152C	ശാന്ത കുമാരി അമ്മ	SC2-6067/23-11.10.23	1.10.23-31.03.24
4	10/152D	ശാന്ത കുമാരി അമ്മ	SC2-6067/23-11.10.23	1.10.23-31.03.24
5	1/135H	ഷക്കീല ഷമ്റൂഫ് &ഫിദ ഫാത്തിമ	SC2-2899/2020-19.01.24	1.10.23-31.03.24

മേൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻകൗയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല (എൻകൗയറി നമ്പർ 3/27.0824). മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കുന്നതിനൊടൊപ്പം 2023-24 സാമ്പത്തിക വർഷത്തിൽ ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും ചട്ടങ്ങൾ പാലിച്ചു കൊണ്ടാണ് ഇളവ് നല്കിയിട്ടുള്ളതെന്നു ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അത്തരം കെട്ടിടങ്ങളിൽ നിന്ന് അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 മരലേലം - അപാകങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. വടക്കേക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിനു മുൻവശത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മഴ മരം ലേലം ഡയറി പ്രകാരം 3.07.2023 ന് 1700 രൂപയ്ക്കു ലേലം ചെയ്തതായി കാണുന്നു. എന്നാൽ പ്രസ്തുത ലേലവുമായി ബന്ധപ്പെട്ട ലേലം നോട്ടീസ് ഫയലിൽ ലഭ്യമല്ല. കൂടാതെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ 29.09.2022-ലെ വാല്യൂവേഷൻ പ്രകാരം ടി മഴ മരത്തിന് 5780 രൂപയാണ് വാല്യൂ നൽകിയിരിക്കുന്നത്. വാല്യൂവേഷൻ പ്രകാരമുള്ള തുകയേക്കാൾ കുറഞ്ഞ തുകയ്ക്കാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. ആയതിനു വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൗയറിക്കു തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല

2. 10.05.2023 ലെ ലേലം നോട്ടീസ് പ്രകാരം പതിമൂന്നാം വാർഡിലെ വട്ടംപാടം ഓട്ടോറിക്ഷ സ്റ്റാൻഡിനു സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന മഴ മരം, പതിനാലാം വാർഡിലെ ICA വട്ടപ്പാടം സെന്ററിലെ പഞ്ചായത്ത് റോഡിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മഴ മരം എന്നിവ ലേലം ചെയ്യാൻ തീരുമാനിച്ചിരുന്നു. ടി ലേലവുമായി ബന്ധപ്പെട്ട തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്കു പ്രസ്തുത മരങ്ങൾ പുനർലേലം നടത്തുന്നതുമായി ബന്ധപ്പെട്ട് 19.03.2024 തീയതിയിൽ ഭരണ സമിതി തീരുമാനം എടുത്തിട്ടുള്ളതാണ് എന്നും തത്സമയം നടപടിക്രമം പൂർത്തീകരിക്കാത്തതിനാൽ ലേലം നടത്താൻ സാധിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം ചെയ്യാൻ അവശേഷിക്കുന്നവ കാര്യക്ഷമമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.
(എൻകൗയറി നമ്പർ 7/29.08.24)

1-12 പെർമിറ്റ് അപേക്ഷ ഫീ കൃത്യമായി ഈടാക്കിയിട്ടില്ല

2023-24 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

ക്രമ നമ്പർ	ഫയൽ നമ്പർ	ബിൽറ്റ് അപ്പ് ഏരിയ (മീറ്റർ സ്കൊയർ)	ഈടാക്കേണ്ട അപേക്ഷ ഫീ	ഈടാക്കിയ അപേക്ഷ ഫീ
1	3595/2023	150.14	1000	300
2	3600/2023	161.43	1000	300

സ.ഉ.(കൈ) നം. 85/2023/തസ്വഭവ തീയതി 31.03.2023 പ്രകാരം ബിൽറ്റ് അപ്പ് ഏരിയ 101 മീറ്റർ സ്കൊയർ മുതൽ 300 മീറ്റർ സ്കൊയർ വരെയുള്ള കെട്ടിടങ്ങൾക്കു അപേക്ഷ ഫീ ആയി 1000 രൂപയാണ് ഈടാക്കേണ്ടത്. സ.ഉ.(കൈ)നം 97/2024 /തസ്വഭവ തീയ്യതി 30.07.2024 പ്രകാരം 101 മീറ്റർ സ്കൊയർ മുതൽ 300 മീറ്റർ സ്കൊയർ വരെയുള്ള കെട്ടിടങ്ങൾക്കു അപേക്ഷ ഫീ അഞ്ഞൂറ് രൂപ ആയി കുറവ് ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ഇരുന്നൂറ് രൂപ കൂടി പ്രസ്തുത വ്യക്തികളിൽ നിന്ന് അപേക്ഷ ഫീ ഇനത്തിൽ ഈടാക്കേണ്ടതാണ്. ആയതിനു നൽകിയ എൻകൗയറിക്കു (എൻകൗയറി നമ്പർ8/29.08.24) ലഭ്യമായ മറുപടി പ്രകാരം പ്രസ്തുത വ്യക്തികളിൽ നിന്നും ഇരുന്നൂറ് രൂപ വീതം തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകത

2023-24 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

ക്രമ നമ്പർ	ഫയൽ നമ്പർ	ബിൽറ്റ് അപ്പ് ഏരിയ (മീറ്റർ സ്കയർ)	ഉപയോഗക്രമം	സർക്കാർ ഉത്തരവ് (കൈ)നം.85/2023/LSGD തീയതി 31.03.23 ഉത്തരവ് പ്രകാരം ഈടാക്കേണ്ട പെർമിറ്റ് ഫീ	ഈടാക്കിയ പെർമിറ്റ് ഫീ
1	3595/2023	150.14	പാർപ്പിടം	15014	14692 (1230100792 Dtd 9.06.23)
2	3631/2023	96.35	പാർപ്പിടം	4818	14453 (1230101042 Dtd 1.07.23)
3	3897/2023 (ക്രമവൽക്കരണം)	278.28	പാർപ്പിടം	55656	83484 (1230100967 Dtd 23.06.23)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻകയറി നമ്പർ 27/3.09.24)

സർക്കാർ ഉത്തരവ് (കൈ)നം.97/2024/LSGD തീയതി 30.07.2024 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, അപേക്ഷ ഫീ, സ്ക്രൂട്ടിനി ഫീ എന്നിവയുടെ പുതുക്കിയ നിരക്കുകൾ 1.08.2024 തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 10.04.2023 തീയതി മുതൽ ലഭിച്ച അപേക്ഷകൾക്ക് പരിഷ്കരിച്ച നിരക്ക് പ്രകാരം പെർമിറ്റ് ഫീ കണക്കാക്കേണ്ടതും അധികം ഈടാക്കിയ തുക തിരികെ നൽകേണ്ടതുമാണ്.

1-14 കടമുറിവാടക -ഹർജ്ജിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്

വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ് കോംപ്ലെക്സിലെ 10/575 നമ്പർ മുറിയുടെ വാടക അടവാക്കി കാണുന്നില്ല. 2022 മാർച്ച് മാസം വരെ മാത്രം ആണ് ടി മുറിയുടെ വാടക അടവാക്കിയിട്ടുള്ളത്. തലക്കോട്ടൂർ ചേറു മകൻ ഡെന്നിയാണ് ടി മുറി വാടകക്ക് എടുത്തിരിക്കുന്നത്. നിലവിലും കടമുറി ടിയാൻ തന്നെ ആണ് ഉപയോഗിച്ചു വരുന്നത്. പ്രസ്തുത മുറി വാടകക്ക് എടുത്തിരുന്ന തലക്കോട്ടൂർ ചേറു മകൻ ഡെന്നി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ എ.പി.എൽ 204/2022 നമ്പർ ഹർജി നല്കിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് 2022 വരെ ഉള്ള പ്രൊസീഡിങ്സ് മാത്രമാണ് ഫയലിൽ ലഭ്യമായി കാണുന്നത്. അതിനു ശേഷമുള്ള കേസിന്റെ തുടർ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ കാണുന്നില്ല. ആയതിന്റെ വിശദശാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകയറിക്കു തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. കേസുമായി ബന്ധപ്പെട്ട തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നമ്പർ – 19/02.09.2024)

1-15 FTEAOS ലൈസൻസ്- അപാകങ്ങൾ

വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്വെയർ വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 1960 എണ്ണം
100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 147 എണ്ണം
200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 3 എണ്ണം
200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 35 എണ്ണം

വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ – 16 എണ്ണം
ആകെ – 2161 എണ്ണം
ഗ്രാമപഞ്ചായത്തിൽ ആകെ 2161 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2023-24 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, ഓൺഡർപ്രണർഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 2161 കെട്ടിടങ്ങളിൽ 439 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 1722 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ.(അ) നം. 80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 7 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിലും, സേവന മേഖലയിൽ 10 ലക്ഷം രൂപയിലും കവിയാത്തതുമായ സ്ഥാപനങ്ങളെ മൈക്രോ എന്റർപ്രൈസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന നിരക്ക് 500 രൂപയായിരിക്കെ ചില വ്യാപാര സ്ഥാപനങ്ങൾക്ക് 300 രൂപ ലൈസൻസ് ഫീ ഈടാക്കി കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്കു മൂന്നൂറു രൂപ വാങ്ങിയവരിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി അറിയിക്കേണ്ടതാണ്.
(എൻകയറി നമ്പർ 20/2.09.24)

1-16 ജനകീയ ഹോട്ടൽ, മിത്ര ആയുർവേദിക് എന്നി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

എ)രണ്ടാം വാർഡിൽ II/198-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ജനകീയ ഹോട്ടൽ 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീ അടവാക്കിയിട്ടില്ല. സഞ്ചയ പോർട്ടൽ പരിശോധിച്ചതിൻ പ്രകാരം പ്രസ്തുത കെട്ടിടം പാർപ്പിട ഉപയോഗക്രമത്തിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്കു (എൻകയറി നമ്പർ 18/2.09.24) സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്ഷൻ ലഭ്യമാക്കി വിനിയോഗ ഗണം സംബന്ധിച്ച അപാകത പരിഹരിച്ചു ജനകീയ ഹോട്ടലിനു ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.
ബി) വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ പതിനാറാം വാർഡിൽ XVI/434 (418.7മീറ്റർ സ്കയർ വിസ്തീർണ്ണം), XVI/435 (1225.53 മീറ്റർ സ്കയർ വിസ്തീർണ്ണം) എന്നി കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന മിത്ര ആയുർവേദിക് എന്ന സ്ഥാപനം (മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ) സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങളിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻകയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻകയറി നമ്പർ 28/3.09.24)
1. എന്ത് തരം ഉൽപ്പന്നങ്ങളാണ് പ്രസ്തുത വ്യവസായ യൂണിറ്റിൽ നിർമ്മിക്കുന്നത്?

2.ഈ വ്യവസായ യൂണിറ്റിന്റെ മൂലധന നിക്ഷേപം എത്രയാണ്?
3.പ്രസ്തുത വ്യവസായം നടത്തുന്നതുമായി ബന്ധപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ 232, 233, 234 എന്നി വകുപ്പുകൾ പ്രകാരം ആവശ്യമായ ലൈസെൻസുകളും അനുമതികളും ക്ലിയറൻസുകളും ലഭ്യമാക്കിയിട്ടുണ്ടോ?
മിത്ര ആയുർവേദിക് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടു മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുകയും മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 233 വകുപ്പ് പ്രകാരം യാതൊരാളും ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ ആവിശക്തിയോ, ജലശക്തിയോ മറ്റു യാന്ത്രിക ശക്തിയോ വൈദ്യുത ശക്തിയോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഇങ്ങനെ നിയമവിരുദ്ധമായി ഫാക്ടറി, വർക്ക്ഷോപ് എന്നിവ സ്ഥാപിക്കുന്നവർക്കു മൂവായിരം രൂപ വരെ പിഴ പഞ്ചായത്തിന് ചുമത്താവുന്നതാണ്. (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ആറാം പട്ടിക പ്രകാരം) നിയമപ്രകാരമുള്ള തുടർനടപടികളെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (ബി) പ്രകാരം കേന്ദ്ര സർക്കാർ വകയോ, സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (2023 ലെ 18 ആം ആക്ട് പ്രകാരം ചേർക്കപ്പെട്ടു, 1.04.2023 മുതൽ പ്രാബല്യത്തിൽ വന്നു.)

സഞ്ചയ പോർട്ടൽ പരിശോധിച്ചതു പ്രകാരം വടക്കേക്കാട് പഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ 482 ആം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ICA സ്കൂൾ നാളിതുവരെ വസ്തു നികുതി അടവാക്കി കാണുന്നില്ല.സർക്കാർ ധന സഹായത്തോടു കൂടി അല്ലാതെ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയിക്കുകയും ആയത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

(എൻകെയറി നമ്പർ 21/02.09.24)

1-18 തൊഴിൽ നികുതി -അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാതെ കരാറുകാർ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ബിനുരാജ് കെ.ജി.

2.ജിജു ജെ.തോമസ്

3.സുനിൽ കുമാർ എം.എം.

4.ബാബു കെ.ടി.

5.ഡാനിഷ് കെ.എ.

6.ഗോപിനാഥൻ കെ.എ.

7.സുരേഷ് കെ.എസ്സ്.

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻകയറി നം.22/02.09.2024)

1-19 മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച്

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനുള്ള തറ വിസ്തീർണത്തിൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റു അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നിവ ഉൾപ്പെടുത്തി തറവിസ്തീർണം കണക്കാക്കാവുന്നതാണെന്നു തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.2.2022-ലെ ആർ.ഡി.3/94 /2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

4/315A നമ്പർ (ഇൻഡസ് ടവർ ലിമിറ്റഡ്) നൽകിയിരിക്കുന്ന മൊബൈൽ ടവറിന്റെ ഫയൽ (3001/2024) പരിശോധിച്ചതിൻ പ്രകാരം മൊബൈൽ ടവറിന്റെ ഏരിയ 14.01 M^2 ആണ്. ബിൽറ്റ് അപ്പ് ഏരിയ നിർണ്ണയിച്ചതിൽ ടവറിന്റെ ജനറേറ്റർ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനു വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകയറിക്കു സൈറ്റിലും പ്ലാനിലും ജനറേറ്റർ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം കൃത്യമായി പഠിച്ചു സൈറ്റ് പരിശോധിച്ച് ജനറേറ്ററിന്റെ തറ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി പ്ലാൻ പുനർസമർപ്പിച്ചു മൊബൈൽ ടവറിന്റെ തറ വിസ്തീർണ്ണം നിർണ്ണയിക്കേണ്ടതാണ്. ഇനി ജനറേറ്റർ സ്ഥാപിച്ചിട്ടില്ല എങ്കിൽ ആയതിനുള്ള സാങ്കേതിക വിശദീകരണം പ്രസ്തുത മൊബൈൽ ടവറിന്റെ ഉടമസ്ഥരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നമ്പർ 23/2.03.23)

1-20 അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 6/23-24 അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം എന്ന പ്രോജക്ടിൽ അമൃതം, ന്യൂട്രിമിക്സ് എന്നീ ഉത്പന്നങ്ങൾ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, എളവള്ളി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

ക്രമ നമ്പർ	ഉൽപ്പന്നം	ഇൻവോയ്സ് നമ്പർ, തീയതി	തുക	CGST	SGST
1	അമൃതം	645/2.03.23	58380	1459.5	1459.5
2	പോഷകപ്പൊടി	646/2.03.23	2340	58.5	58.5
3	അമൃതം	675/3.04.23	65170	1675.8	1675.8
4	പോഷകപ്പൊടി	676/3.04.23	2400	62	62
5	അമൃതം	687/4.05.23	49980	1249.5	1249.5 1328.25
6	പോഷകപ്പൊടി	688/4.05.23	1680	42	42
7	അമൃതം	705/3.06.23	60025	1500.625	1500.625
8	പോഷകപ്പൊടി	706/3.06.23	620	15.5	15.5
9	അമൃതം	729/12.07.23	53130	1328.25	1328.25
10	പോഷകപ്പൊടി	730/12.07.23	2160	54	54
11	അമൃതം	748/11.08.23	64680	1617	1617

12	പോഷകപ്പൊടി	749/11.08.23	1620	40.5	40.5
13	അമൃതം	762/18.09.23	59010	1475.25	1475.25
14	പോഷകപ്പൊടി	763/18.0923	1920	48	48
15	അമൃതം	781/10.10.23	71540	1788.5	1788.5
16	പോഷകപ്പൊടി	782/10.10.23	2220	55.5	55.5
17	അമൃതം	811/17.11.23	57540	1438.5	1438.5
18	പോഷകപ്പൊടി	812/17.11.23	1800	45	45
		ആകെ	556215	13905.375	13905.375

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 2% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. നിയമപരമായ ബാദ്ധ്യതകൾ നിറവേറ്റാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.
(എൻകൃയറി നമ്പർ 27/3.09.24)

1-21 കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം (ഇലക്ട്രിക്കൽ വർക്കുകൾ) - അപാകത പരിഹരിച്ചു - തുക തിരികെ ഈടാക്കി - ഓഡിറ്റ് ഇംപാക്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം (ബഹുവർഷ പ്രൊജക്ട്)

പദ്ധതി നമ്പർ - S0114/24

ആകെ അടങ്കൽ - 4,55,000

തൻവർഷ അടങ്കൽ - 2,43,719 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

തൻവർഷ ചെലവ് - 2,43,719

വൌച്ചർ നമ്പർ - 42301382/03.02.2024

കൃഷിഭവൻ കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകൾ നിർവ്വഹിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മേൽ പ്രൊജക്ടിന്റെ ഫൈനൽ ബില്ലിലെ (CC Ist And Final Bill) ഐറ്റം നമ്പർ 18, 19 ൽ താഴെ പറയും പ്രകാരം തുക ക്ലയിം ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഐറ്റം	എണ്ണം	നിരക്ക്	തുക
1	305 Mm Sweep Exhaust Fan Heavy Duty	6	2400	14400
2	Charges For Supply And Installation Of Metal Frame For The Existing 305 Mm Metal Body Exhaust Fan	6	150	900

എന്നാൽ, 31.08.2024 ന് നടത്തിയ സ്ഥപരിശോധനയിൽ, 2 എക്സ്ഹോസ്റ്റ് ഫാനുകൾ മാത്രമേ സ്ഥാപിച്ചതായി കാണുവാൻ സാധിച്ചുള്ളൂ. ആയതിനാൽ, 4 എക്സ്ഹോസ്റ്റ് ഫാനുകളുടേയും മെറ്റൽ ഫ്രെയിമിന്റേയും തുക അധികം ക്ളെയിം ചെയ്തിട്ടുണ്ട് (4 X 2400 + 4 X 150 = 10200/-). ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി നമ്പർ 25/02.09.24 നൽകിയതിനെ തുടർന്ന് രസീത് നമ്പർ 1240101625 തി.03.09.24 പ്രകാരം 10200 രൂപ തിരികെ ഈടാക്കി. ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-22 ആശ്രയ വീട് പുനരുദ്ധാരണപദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി - ആശ്രയ - വീട് പുനരുദ്ധാരണം

പദ്ധതി നമ്പർ - S0121/24

അടങ്കൽ - 1,00,000/- (വികസനഫണ്ട് പൊതു)

ചെലവ് - 1,00,000/- (വികസനഫണ്ട് പൊതു)

വൌച്ചർ നമ്പർ - 42301368 / 12.01.24

പദ്ധതി ഗുണഭോക്താക്കളായി ശ്രീമതി. ലീല കപ്ളേങ്ങാട്, ശ്രീമതി ആമിനു, കല്ലായിൽ, ഞമനേങ്ങാട് എന്നിവരെ ഭരണസമിതിയുടെ 05.01.2024 ലെ 7-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് രണ്ടു ഗഡുക്കളായി 50,000 രൂപയാണ് ധനസഹായം നൽകുന്നത്. ഇവർക്ക് ധനസഹായം നൽകുന്നതിനായി 1,00,000 രൂപ സി.ഡി.എസിന് കൈമാറിയിട്ടുണ്ട് (മുക്കിലപീടിക യൂണിയൻ ബാങ്ക് ശാഖയിലുള്ള 520101262840669 നമ്പർ അക്കൗണ്ട്). എന്നാൽ ശ്രീമതി. ആമിനു 25,000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും (ചെക്ക് നമ്പർ 46286 / 12.02.24) വീട് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടിയാൾക്ക് ബാക്കി തുക നൽകിയിട്ടില്ല. ടിയാളുടെ വീടിന്റെ പുനരുദ്ധാരണപ്രവൃത്തി താമസം കൂടാതെ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 എച്ച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള സി.എച്ച്.സി, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം) ആയുർവേദം, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം) ഹോമിയോപ്പതി എന്നീ ആശുപത്രികളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച തീയതി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക കണക്കുകളുടെ ഓഡിറ്റ് എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.4/27.08.2024) മറുപടി ലഭ്യമാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി	രൂപീകൃതമായ വർഷം/തീയതി	വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത്
സി.എച്ച്.സി, വടക്കേക്കാട്	28.07.2007	2014-15 സാമ്പത്തിക വർഷം വരെ
ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം) ആയുർവേദം	26.07.2019	കളക്ഷൻ ഇല്ല
ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം) ഹോമിയോപ്പതി	26.07.2019	കളക്ഷൻ ഇല്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ സ.ഉ.(സാധാ)നം. 3379/2014 എച്ച്&എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ആയതിനാൽ വടക്കേക്കാട് സി.എച്ച്.സി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി 2023-24 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (ഹോമിയോ)മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ : S0040/24

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ
പ്രോജക്ട് അടങ്കൽ : 300000 മെയിന്റനൻസ് ഫണ്ട് റോഡിതരം
പ്രോജക്ട് ചെലവ് : 300000
മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ (HOMCO) നിന്നും മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നമ്പർ/തീയതി	പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി	മരുന്നുകൾക്ക് നൽകിയ തുക	ലഭ്യമായ മരുന്നുകളുടെ തുകയും ടാക്സ് ഇൻവോയ്സ് നമ്പറും	ബാക്കി നിൽക്കുന്ന മരുന്നുകളുടെ തുക
42301329/08.12.2023	PF-494/26.09.2023	300000	1) 104798 (LF3017/22.02.2024) 2) 27970 (LF3354/26.03.2024) 3) 79838 (LF735/30.07.2024) 4) 45055 (LF990/26.08.2024)	42339
		ആകെ	257661	

ബാക്കി തുകക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 5/27.08.2024) ലഭ്യമായ മരുന്നുകളുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട്.

1-25 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ ജീവിത ശൈലീ രോഗ നിയന്ത്രണ ക്യാമ്പുകൾക്ക് മരുന്ന് വാങ്ങൽ പ്രോജക്ട്-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ - 33/24
അടങ്കൽ - 700000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ആകെ ചെലവ് – 236597
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) താഴെ പറയും പ്രകാരം മുൻകൂർ നൽകിയ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വൗച്ചർ നമ്പർ/തീയതി, ബിൽ തുക	പ്രൊഫോർമ ഇൻവോയ്സ് തുക	പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തിയ്യതി	ലഭ്യമായ മരുന്നുകൾ (വില അടിസ്ഥാനത്തിൽ)	ലഭ്യമാകാനുള്ള മരുന്നുകൾ (വില അടിസ്ഥാനത്തിൽ)
06.03.2024, 42301405/ 176632	160962	PRF4670/ 01.03.2024	59684	101278
	5762	PRF4671/ 01.03.2024	5034	728
	9908	PRF4672/ 01.03.2024	8635	1273
ആകെ	176632		73353	103279

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി നമ്പർ 10/29.08.2024) മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-ലാബ് ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ലാബ് ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റ് എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ

സർവീസസ് കോർപ്പറേഷന് (KMSCL) മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വടക്കേക്കാട് ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം വർദ്ധിപ്പിക്കൽ - 204/24

അടങ്കൽ-922000 (ഹെൽത്ത് ഗ്രാന്റ്)

ചെലവ്-520635

ബിൽ തുക, വൗച്ചർ നമ്പർ/തീയതി	പ്രൊഫോർമ ഇൻവോയ്സ്/തീയതി, തുക	ലഭ്യമായ ഉപകരണത്തിന്റെ വില	ലഭിക്കാനുള്ള ഉപകരണത്തിന്റെ വില
504974 22300891/06.12.2023	116/2023-24/15.11.2023 504974	480429	24545

2.വടക്കേക്കാട് ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യം വർദ്ധിപ്പിക്കൽ - 184/24 (സ്പിൽ ഓവർ)

അടങ്കൽ-276313 (ഹെൽത്ത് ഗ്രാന്റ്)

ചെലവ്-276313

ബിൽ തുക, വൗച്ചർ നമ്പർ/തീയതി	പ്രൊഫോർമ ഇൻവോയ്സ്/തീയതി, തുക	ലഭ്യമായ ഉപകരണങ്ങളുടെ വില (ടെസ്റ്റ് കിറ്റ്)	ലഭിക്കാനുള്ള ഉപകരണങ്ങളുടെ വില (ടെസ്റ്റ് കിറ്റ്)
106745 22300268/16.06.2023	5845/28.03.2023 77571	41254	36317 (77571-41254)

3. വൈലത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തെ ഹെൽത്ത് & വെൽനസ് സെന്ററാക്കി മാറ്റുന്നതിനുള്ള പദ്ധതി -185/24 (സ്പിൽ ഓവർ)

അടങ്കൽ -157961 (ഹെൽത്ത് ഗ്രാന്റ്)

ചെലവ് -157961

ബിൽ തുക, വൗച്ചർ നമ്പർ/തീയതി	പ്രൊഫോർമ ഇൻവോയ്സ്/തീയതി, തുക	ലഭ്യമായ ഉപകരണങ്ങളുടെ വില (ടെസ്റ്റ് കിറ്റ്)	ലഭിക്കാനുള്ള ഉപകരണങ്ങളുടെ വില (ടെസ്റ്റ് കിറ്റ്)
98395 22300267/16.06.2023	5805/27.03.2023 89760	24670	65090 (89760-24670)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി നമ്പർ 17/02.09.2024) ഉപകരണങ്ങൾ ലഭ്യമായാൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകക്കുള്ള ഉപകരണങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-27 പദ്ധതി ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് സ്റ്റേറ്റുമെന്റിൽ കാലികമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 191/24

പ്രോജക്ട് - അതിദരിദ്രർക്ക് വൈദ്യസഹായം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

72 അതിദരിദ്ര കുടുംബത്തിലെ അംഗങ്ങൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്ന മേൽ പ്രോജക്ടിന്റെ ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ 8468 രൂപയും ബില്ലുകൾ, വൗച്ചറുകൾ എന്നിവ പ്രകാരം 27652 രൂപയും ആണ്. ബില്ലുകൾ പ്രകാരമുള്ള യഥാർത്ഥ ചെലവ് പ്ലാൻ മോണിട്ടറിംഗ് സോഫ്റ്റ് വെയറായ സുലേഖയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

ഫണ്ട്	അടങ്കൽ	സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്	യഥാർത്ഥ ചെലവ്	
			വൗച്ചർ നമ്പർ/തീയതി	തുക
തനത് ഫണ്ട്	27652	8468	22301269/18.03.2024	19184
			22301320/27.03.2024	4728
			22301322/27.03.2024	3740
ആകെ	27652	8468		27652

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (ഓഡിറ്റ് എൻകൃയറി നമ്പർ 16/02.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് പ്ലാൻ മോണിട്ടറിംഗ് സോഫ്റ്റ് വെയറായ സുലേഖയിൽ രേഖപ്പെടുത്തി സുലേഖ സ്റ്റേറ്റ്മെന്റ് കാലികമാക്കേണ്ടതാണ്.

1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അപാകതകൾ

പ്രൊജക്ട് നമ്പർ - 169/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (SO)

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, വടക്കേകാട്

അടങ്കൽ - 671256

ചെലവ് - 489620

ഡെവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി)

വൗച്ചർ നമ്പർ - 42301378 തീയതി 25.01.2024 -74584
വൗച്ചർ നമ്പർ - 42301383 തീയതി 08.02.2024 -74584
വൗച്ചർ നമ്പർ - 42301384 തീയതി 08.02.2024 -74584
വൗച്ചർ നമ്പർ - 42301385 തീയതി 08.02.2024 -74584
വൗച്ചർ നമ്പർ - 42301386 തീയതി 08.02.2024 -74584
വൗച്ചർ നമ്പർ - 42301414 തീയതി 16.03.2024 -77800
വൗച്ചർ നമ്പർ - 42301413 തീയതി 16.03.2024 -38900

മേൽപ്രൊജക്ട് മുഖേന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ലാപ്ടോപ്പ് കൈപ്പറ്റിയ നന്ദന പി. എം പരത്തി എന്ന ഗുണഭോക്താവ് 09.02.2023-ലെ 02/23 ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി നൽകിയിട്ടുണ്ട്. 09.02.2023-ലെ 02/23 ഭരണസമിതി തീരുമാനം പ്രകാരം നന്ദന.പി.എം നെ ഗുണഭോക്താവായി അംഗീകരിച്ചിട്ടുണ്ടന്നാണ് മറുപടി നൽകിയത്. എന്നാൽ മേൽ ഭരണസമിതി തീരുമാനത്തിൽ ഗുണഭോക്താക്കളായി അംഗീകരിച്ച 20 വിദ്യാർത്ഥികളിൽ നന്ദന.പി.എം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നന്ദന പി. എം-നെ ഗുണഭോക്താവായി അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ)നമ്പർ115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 7.2.7 പ്രകാരം, സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ, പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് നൽകാവുന്നത്. ലാപ്ടോപ്പ് കൈപ്പറ്റിയ സുധികൃഷ്ണ വി. കെ. 'Aero Fly Edappal' എന്ന സ്ഥാപനത്തിലെ വിദ്യാർത്ഥിയാണ്. 'Aero Fly Edappal' എന്ന സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് 'Aero Fly Edappal' എന്ന സ്ഥാപനം സ്വാശ്രയ സ്ഥാപനമാണെന്ന് ഗൂഗിളിൽ സർച്ച് ചെയ്തപ്പോൾ കണ്ടെത്തിയെന്നാണ് മറുപടി നൽകിയത്. സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കുന്നതുവരെ രണ്ട് ലാപ്ടോപ്പുകളുടെ വിലയായ 57602 രൂപ ((489620/17)*2)) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻകൃയറി നമ്പർ 2/27.08.2024)

1-29 എച്ച്.ഡി.പി.ഇ ചട്ടി വിതരണം-അപാകതകൾ

പ്രൊജക്റ്റ് നമ്പർ - SO 135/24 ഞങ്ങളും കൃഷിയിലേക്ക് -ഗ്രോബാഗ് വിതരണം
അടങ്കൽ -172000 (വികസന ഫണ്ട് ജനറൽ)
ചെലവ് -108000 (തൻവർഷം) (വികസന ഫണ്ട് ജനറൽ) (വൗച്ചർ നമ്പർ 42300838 തീയതി 20.12.2023)
പ്രൊജക്റ്റിന്റെ അപാകതകൾ താഴെ ചേർക്കുന്നു.
1. 2022-23 വർഷത്തിൽ ആരംഭിച്ച പ്രൊജക്റ്റിൽ എച്ച്.ഡി.പി.ഇ ചട്ടി തൈകൾ സഹിതം വിതരണം ചെയ്യുന്നതിനായി വടക്കേക്കാട് ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേനക്ക് ആകെ 192000 രൂപ നൽകി. (2022-23 വർഷം 84000 രൂപ + തൻവർഷം 108000). രണ്ട് സാമ്പത്തിക വർഷത്തെയും കാർഷിക കർമ്മസേനയുടെ ബില്ലുകൾ പ്രകാരം ആകെ 308 യൂണിറ്റുകൾ ലഭിച്ചിട്ടുണ്ട് (ഇൻവോയ്സ് നം.496 തീയതി 13.03.2023, 17 യൂണിറ്റ്, ഇൻവോയ്സ് നമ്പർ 497 തീയതി 13.03.2023, 16 യൂണിറ്റ്, ഇൻവോയ്സ് നമ്പർ 498, 16 യൂണിറ്റ്, ഇൻവോയ്സ് നമ്പർ 499 തീയതി 13.03.2023, 16 യൂണിറ്റ്, ഇൻവോയ്സ് നമ്പർ 500 തീയതി 13.03.2023, 31 യൂണിറ്റ്) (നമ്പറോ തീയതിയോ രേഖപ്പെടുത്താത്ത തൻവർഷത്തെ ഇൻവായ്സ് പ്രകാരം 228 യൂണിറ്റ്). എന്നാൽ ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം ആകെ 223 യൂണിറ്റുകൾ മാത്രമാണ് വിതരണം ചെയ്തത്.
2. കാർഷികകർമ്മസേനയുടെ ബില്ലുകളിൽ ഒരു യൂണിറ്റിന് എത്ര വിലയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നമ്പറോ, തീയതിയോ, ഒപ്പോ രേഖപ്പെടുത്താത്ത ഇൻവായ്സുകളും ലഭ്യമാക്കിയിട്ടുണ്ട്.
3. കാർഷികകർമ്മസേനയുടെ ബില്ലുകളിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
കൃത്യമായ ഇൻവോയ്സുകൾ ഹാജരാക്കാതെ ബിൽ തുക നൽകുന്നത് ഒഴിവാക്കേണ്ടതാണ്. വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നമ്പർ 14/02.09.2024)

1-30 സമേതം പ്രൊജക്റ്റ്-കൈപ്പറ്റ് വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ - 76/24 സമേതം ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 100000

ചെലവ് - 100000

ഫണ്ടിനം - തനത് ഫണ്ട്

വൗച്ചർ നമ്പർ - 42301223 തീയതി 30.03.2024 - 100000
തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡണ്ടിന്റെ 25.03.2024-ലെ കത്ത്, തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.03.2024-ലെ DDETSR/7150/2023-H3 നമ്പർ കത്ത് എന്നിവ പ്രകാരമാണ് സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടിക്കായി തൃശ്ശൂർ ജില്ലാപഞ്ചായത്തിന് തുക കൈമാറിയത്. ആയതിന്റെ കൈപ്പറ്റ് വിവരം/വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-31 ബയോബിൻ വിതരണം-ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ചെലവാക്കിയില്ല

പ്രൊജക്റ്റ് നമ്പർ - S0171/24 പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, വടക്കേകാട് സർക്കിൾ
അടങ്കൽ - 864640 (വികസന ഫണ്ട് ജനറൽ 518400 + കേന്ദ്രാവിഷ്കൃത ഫണ്ട് 259840 + ഗുണഭോക്തൃ വിഹിതം 86400)
ചെലവ് - 518400 (തൻവർഷം) (വികസന ഫണ്ട് ജനറൽ) (വൗച്ചർ നമ്പർ 42301267 തീയതി 30.05.2023)
- 17856 (2022-23 വർഷം) (ഗുണഭോക്തൃ വിഹിതം) (വൗച്ചർ നമ്പർ 42201165 തീയതി 31.03.2023)
പ്രൊജക്ട് പ്രകാരം മരിയ ഹൈജീൻ സൊലൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും 328 ബയോകമ്പോസ്റ്റർ ബിന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 328 ബയോകമ്പോസ്റ്റർ ബിന്നുകളുടെ വിലയായ 536256 രൂപ മരിയ ഹൈജീൻ സോലൂഷൻ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ആയതിൽ 518400 രൂപ വികസന ഫണ്ട് ജനറലും 17856 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. 328 ഗുണഭോക്താക്കളിൽ നിന്നും ആകെ പിരിച്ച ഗുണഭോക്തൃ വിഹിതം 53865 രൂപയാണ്. രസീത് വിവരം താഴെ ചേർക്കുന്നു.

രസീത് നമ്പർ/തീയതി	തുക
1220106215/09.03.2023	405
1220106257/10.03.2023	2025
1220106331/13.03.2023	2295
1220106383/14.03.2023	4725
1220106472/16.03.2023	10665
1220106541/18.03.2023	5265
1220106631/20.03.2023	2970
1220106699/22.03.2023	2025
1220106732/23.03.2023	2835
1220106764/24.03.2023	4050
1220106846/25.03.2023	6075
1220106955/27.03.2023	2565
1220106992/28.03.2023	2160
1220107109/31.03.2023	3240
1230103319/06.12.2023	2025
1230104818/22.02.2024	540
ആകെ	53865

ആകെ ഗുണഭോക്തൃ വിഹിതത്തിൽ 17856 രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ബാക്കി ഗുണഭോക്തൃ വിഹിതം 36009 രൂപ നിലവിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സ.ഉ(കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 6.8 ഓപ്ഷൻ 1 പ്രകാരമാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്. അതനുസരിച്ച് 60% തദ്ദേശസ്ഥാപനവിഹിതം, 30% ശുചിത്വമിഷൻ വിഹിതം, 10% ഗുണഭോക്തൃ വിഹിതം ആണ് ചെലവഴിക്കേണ്ടത്. 10% ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തെങ്കിലും ആയത് പൂർണ്ണമായി ചെലവാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതത്തിൽ ബാക്കിയുള്ള തുക 36009 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നമ്പർ 12/02.09.2024)

1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യസംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യസംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.
ആകെ ജനസംഖ്യ 26109 ഉള്ള വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 6587 വീടുകളും 884 വ്യാപാര, വ്യവസായ കെട്ടിടങ്ങളും ഉണ്ട്. കൂടാതെ ഒരു പൊതു ചന്തയും 7 ഓഡിറ്റോറിയങ്ങളും ഉണ്ട്.
ഇതിൽ 4718 വീടുകളും 610 വ്യാപാര സ്ഥാപനങ്ങളും ആണ് യൂസർ ഫീ അടവാക്കി ഹരിതകർമ്മസേനയോട് സഹകരിക്കുന്നത്.
എം.സി.എഫ്
നിലവിൽ വളരെ പരിമിതമായ സൗകര്യത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. നായരങ്ങാടി സെന്ററിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുകൾ നിലയിലെ ഒറ്റ മുറിയാണ് എം.സി.എഫ്-നായി ഉപയോഗിക്കുന്നത്. ടോയ്ലറ്റ് സൗകര്യം ഉണ്ടെങ്കിലും വിശ്രമ മുറി, സോർട്ടിംഗ് സൗകര്യം എന്നിവയില്ല. 16 മിനി എം.സി.എഫുകളിൽ

നിന്നും തരം തിരിച്ച് വരുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് എം.സി.എഫിലുള്ളത്. എം.സി.എഫ്-ൽ രണ്ട് അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒരെണ്ണം ചാക്ക് കെട്ടുകൾക്കിടയിലായതിനാൽ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. എം.സി.എഫ്-നായി പഞ്ചായത്ത് പുതിയ സ്ഥലം വാടകക്ക് എടുത്തിട്ടുണ്ട്. ആയതിലേക്ക് എം.സി.എഫ് മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.







<u>ഹരിത കർമ സേന പ്രവർത്തനങ്ങൾ</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. 37 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിവരുന്നു. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ സ്ഥലങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ട്. വീടുകളിൽനിന്നും 50 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. യൂസർഫീ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

2023-24 വർഷം 45551 Kg മാലിന്യം ശേഖരിക്കുകയും കരാർ സ്ഥാപനമായ ECO Green കമ്പനിക്ക് 14861 Kg തരം തിരിച്ച മാലിന്യവും 30690 Kg ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 1977350 രൂപയും മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ 168478 രൂപയും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് 132593 രൂപ നൽകിയിട്ടുണ്ട്. ഹരിത ചട്ട ലംഘനം നടത്തിയതിന് പിഴയായി 22500 രൂപ ഈടാക്കിയിട്ടുണ്ട്.

മാലിന്യ ശേഖരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ കലണ്ടർ തയ്യാറാക്കിയിടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്, പേപ്പർ, കാർഡ് ബോർഡ്	എല്ലാ മാസവും
തുണിമാലിന്യം	ആഗസ്റ്റ്
ആപത്കരമായ ഇ മാലിന്യങ്ങൾ (പിക് ചർ ട്യൂബ്, ബൾബ്, ട്യൂബ്), കണ്ണാടി	ജൂൺ, നവംബർ
ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പറ്റ് മുതലായവ	ജനുവരി
തെർമോക്കോൾ	സെപ്റ്റംബർ
കുപ്പി, ചില്ല് മാലിന്യങ്ങൾ	ഡിസംബർ
പോളി എത്തിലീൻ പ്രിന്റിങ്ങ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ	ആഗസ്റ്റ്
മരുന്ന് സ്ട്രിപ്പുകൾ	ജൂൺ

എന്നാൽ കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരണം പൂർണ്ണമായും നടപ്പിൽ